5

# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3696 15/12/2014ൽ മറുപടിക്ക്

**കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് ഭരണ സമിതിയിൽ ഭാരവാഹിത്വം**

**ചോദ്യം :**

ശ്രീ.വി.പി.സജീന്ദ്രൻ

(എ) സംസ്ഥാനത്തെ വിവിധ മതക്കാരുടെ ആരാധനാലയങ്ങളുടെ ഭരണ സമിതിയിൽ കേന്ദ്ര - സംസ്ഥാന ജീവനക്കാർക്ക് ഭാരവാഹിത്വം പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ആരാധനാലയങ്ങളിൽ കേന്ദ്ര - സംസ്ഥാന ജീവനക്കാർ ഭാരവാഹിത്വം വഹിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ)യും (ബി)യും (സി)യും

07.08.2014ലെ G.O(P)27/14/P&ARD പ്രകാരം മത/സാമുദായിക സംഘടനകളുടെയോ അതുമായി ബന്ധപ്പെട്ട ട്രസ്റ്റ്, സൊസൈറ്റി എന്നിവയുടേയോ ഭാരവാഹിത്വം വഹിക്കുന്നതിൽ നിന്നും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ബാധകമായ എല്ലാ സർക്കാർ ജീവനക്കാർക്കും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ഇതിന് വിരുദ്ധമായി സർക്കാർ ജീവനക്കാർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള ശിക്ഷണ നടപടി ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്**